"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതിവകുപ്പ് - ജീവനക്കാര്യം - സംസ്ഥാന സാമൂഹ്യനീതിവകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടുള്ള നിയമനം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.1/2025/SJD തീയതി,തിരുവനന്തപുരം, 14-03-2025

---

പരാമർശം:-
1. 25.11.2024-ലെ സ. ഉ. (പി) നമ്പർ. 17/2024/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 13.01.2025-ലെ ആർ.1.സി(1) 7479/2020/ജി.ഡബ്ലിയു. നമ്പർ. കത്ത്
3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 22.02.2025-ലെ എസ്.ജെ.ഡി/820/2025-ഇ.1 നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

പരാമർശം 1 സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ റിപ്പോർട്ടുചെയ്ത സാമൂഹ്യനീതിവകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിലെ 8 ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിനായുള്ള നിയമനശിപാർശ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം 2-പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സാമൂഹ്യനീതിവകുപ്പിൽ കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം (Special Rule) കാറ്റഗറി (1) പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടുള്ള നിയമനത്തിനായി നിർദ്ദേശിച്ച 8 ഉദ്യോഗാർത്ഥികൾക്ക് 43400-91200 രൂപ ശമ്പളസ്കെയിലിൽ നിയമനംനൽകുന്നതിനുള്ള ശിപാർശ പരാമർശം 3-പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനശിപാർശചെയ്ത ചുവടെ പേരുവിവരം സൂചിപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളെ അവരവരുടെ പേരിനുനേരേ രേഖപ്പെടുത്തിയിട്ടുള്ള കാര്യാലയങ്ങളിൽ 43400-91200/- രൂപ ശമ്പള സ്കെയിലിൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| <u>ക്രമ നമ്പർ</u> | <u>ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും</u> | <u>ഉദ്യോഗാർത്ഥിക്ക് നിയമനം അനുവദിക്കാവുന്ന കാര്യാലയവും മേൽവിലാസവും</u> |
|---|---|---|
| 1 | SMT. VEENA. S<br>PUTHENVEEDU<br>MOOTHEDAM<br>MALAPPURAM - 679331<br><br>**<u>COMMUNICATION ADDRESS</u>**<br>CHALAYIL HOUSE<br>UTHIRAKULAM<br>UPPADA P. O.,<br>MALAPPURAM - 679334 | പ്രൊബേഷൻ ഓഫീസ്,<br>മലപ്പുറം കോടതി കോംപ്ലക്സ്,<br>മഞ്ചേരി, മലപ്പുറം |
| 2 | SMT. MIDHULA. M<br>MELEPPURATH<br>MANALOOR P. O.<br>THRISSUR- 680617 | പ്രൊബേഷൻ ഓഫീസ്<br>പാലക്കാട്,<br>സിവിൽ സ്റ്റേഷൻ,<br>പാലക്കാട് - 678001 |
| 3 | SMT. JESY KRISHNA. B. S.,<br>KAMBILIKUNNUMMAL<br>MEPPAYUR , IRINGATH,<br>KOZHIKODE- 673523<br><br>**<u>COMMUNICATION ADDRESS</u>**<br>NAMBATHU MEETHAL<br>MANDARATHUR, VATAKARA,<br>KOZHIKODE- 673105 | പ്രൊബേഷൻ ഓഫീസ്,<br>ആലപ്പുഴ കോടതിക്കെട്ടിടം, ആലപ്പുഴ |

| | | |
|---|---|---|
| 4 | SRI. SHUHAIB K<br>PALATHERA<br>EDACHAKAI. P. O.,<br>KASARAGOD- 671310 | പ്രൊബേഷൻ ഓഫീസ്<br>കണ്ണൂർ,<br>തലശ്ശേരി കോർട്ട്<br>കോമ്പൗണ്ടിനുസമീപം, കണ്ണൂർ |
| 5 | SMT. ROSEMARY VARKEY. M.,<br>MURIANKARI<br>ARPOOKARA WEST. P. O.,<br>KOTTAYAM - 686008 | പ്രൊബേഷൻ ഓഫീസ്,<br>പത്തനംതിട്ട മിനി സിവിൽ സ്റ്റേഷൻ,<br>നാലാം നില, പത്തനംതിട്ട |
| 6 | SMT. RAMYA P M<br>PRATHEEKSHA<br>QUILANDY<br>KOZHIKODE- 673305 | പ്രൊബേഷൻ ഓഫീസ്,<br>കൊല്ലം സിവിൽ സ്റ്റേഷൻ, കൊല്ലം |
| 7 | SMT. SARANYA P<br>POTTAKKAT HOUSE<br>MUCHUKUNNU POST<br>KOZHIKODE- 673307 | പ്രൊബേഷൻ ഓഫീസ്<br>കോഴിക്കോട്,<br>ബി ബ്ലോക്ക്, 5-ാം നില,<br>സിവിൽ സ്റ്റേഷൻ,<br>കോഴിക്കോട് - 673020 |
| 8 | SRI. BABU M. T.,<br>MANDANCHOZHI HOUSE<br>KAKKAPPARATHA, EDAKKARA,<br>MALAPPURAM - 679331 | പ്രൊബേഷൻ ഓഫീസ്,<br>ഇടുക്കി,<br>മിനി സിവിൽ സ്റ്റേഷൻ, ഓൾഡ്<br>ബ്ലോക്ക്,<br>തൊടുപുഴ പി. ഒ,<br>ഇടുക്കി - 685584 |

4. മേൽ നിയമനം 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 3 (സി) അനുസരിച്ചാണ്. ടി നിയമത്തിലെ റൂൾ 9(a) (i) അനുസരിച്ച് ഈ നിയമനം പൂർണ്ണമായും താൽക്കാലികവും ഉദ്യോഗാർത്ഥിയുടെ സ്വഭാവത്തെയും പൂർവ്വചരിത്രത്തെയും കുറിച്ചുള്ള അന്വേഷണത്തിന് വിധേയവുമായിട്ടാണ്. അവ തൃപ്തികരമല്ലെങ്കിൽ മുൻകൂട്ടി അറിയിപ്പില്ലാതെ ഈ നിയമനം അവസാനിപ്പിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. നിയമനയുത്തരവ് ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഉദ്യോഗാർത്ഥി സാമൂഹ്യനീതി ഡയറക്ടർ മുമ്പാകെ ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരാകേണ്ടതും ഉദ്യോഗാർത്ഥിയുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിലെ ഫോട്ടോ, ഒപ്പ് എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ

ശേഷം മാത്രം ഉദ്യോഗാർത്ഥിയെ സാമൂഹ്യനീതി ഡയറക്ടർ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. ഉദ്യോഗാർത്ഥി ഹാജരാക്കുന്ന രേഖയിൽ ഏതെങ്കിലും പൊരുത്തക്കേടുണ്ടെങ്കിൽ ഉദ്യോഗാർത്ഥിയെ ഡ്യൂട്ടിയിൽ ചേരുന്നതിന് അനുവദിക്കാൻപാടില്ല. ഈ വസ്തുത സാമൂഹ്യനീതി ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ജീവനക്കാരന്റെ വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്നതിനുള്ള രേഖ, ജനനത്തീയതി തെളിയിക്കുന്ന രേഖ എന്നിവയുടെ അസ്സൽ പരിശോധിച്ച് സാമൂഹ്യനീതി ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

5. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായുള്ള മൂന്നുവർഷത്തെ കാലയളവിനുള്ളിൽ രണ്ടുവർഷം പ്രൊബേഷനിൽ ആയിരിക്കും. ഈ തസ്തികയിലേക്കുള്ള നിയമനത്തിന് ഒഴിവില്ലാത്ത സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിൽനിന്ന് പിരിച്ചുവിടുന്നപക്ഷം പുനർനിയമനം ലഭിക്കുന്നതിലേക്ക് ബന്ധപ്പെട്ട കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതും പുനർനിയമനം ലഭിക്കുന്നതുവരെ കാത്തിരിക്കേണ്ടതുമാണ്. ഉദ്യോഗാർത്ഥി ഒരു വർഷത്തിനുള്ളിൽ G.P.F., സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, ഗ്രൂപ്പ് ഇൻഷുറൻസ് എന്നിവയിൽ നിർബന്ധമായും വരിക്കാരാകേണ്ടതാണ്. ജീവനക്കാർ ജോലിയിൽ പ്രവേശിച്ചാലുടൻ നാഷണൽ പെൻഷൻ സിസ്റ്റത്തിൽ (എൻ.പി.എസ്) അംഗമാകേണ്ടതാണ്.

6. ഉദ്യോഗാർത്ഥി നിയമനയുത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ചുവടെച്ചേർക്കുന്ന അസ്സൽ രേഖകൾസഹിതം സാമൂഹ്യനീതി ഡയറക്ടർ മുമ്പാകെ ഹാജരായി ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

| | |
|---|---|
| 1. | വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് |
| 2. | ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് |
| 3. | ഒരു സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽനിന്ന് ലഭിച്ച ശാരീരികയോഗ്യത തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് |
| 4. | സംസ്ഥാന സർവ്വീസിലെ രണ്ട് ഗസറ്റഡ് ഓഫീസർമാരിൽനിന്ന് സമ്പാദിച്ച നിശ്ചിത പ്രൊഫോർമയിലുള്ള സ്വഭാവസർട്ടിഫിക്കറ്റ് |
| 5. | 6 മാസത്തിനകമുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ |
| 6. | ബി. സി. വിഭാഗത്തിൽ (BC Turn) നിന്ന് നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/കമ്മ്യൂണിറ്റി (ജാതി) സർട്ടിഫിക്കറ്റ് എന്നിവ അവർ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് പരിശോധിക്കേണ്ടതാണ്. (മേൽപ്പറഞ്ഞ പട്ടികയിൽ ക്രമനമ്പർ. 1, 4, 6, 8 എന്നിവർക്ക് ബാധകം.) |

7. ഉദ്യോഗാർത്ഥിയുടെ One Time Verification സർട്ടിഫിക്കറ്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വെരിഫിക്കേഷനുശേഷം സർവ്വീസ് ബുക്കിലും ശാരീരികയോഗ്യത സർട്ടിഫിക്കറ്റ് ആദ്യ ശമ്പള രജിസ്റ്ററിലും പതിക്കേണ്ടതാണ്. ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ചാൽ ഉടൻതന്നെ ടിയാളെ നാഷണൽ പെൻഷൻ സിസ്റ്റത്തിൽ അംഗമാകുന്നതിനുള്ള നടപടി ട്രഷറിയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചശേഷം ടിയാളുടെ സർവ്വീസ് പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുമ്പോൾ നിയമനരീതി, ഈ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശകത്ത്, നമ്പർ, തീയതി, നിയമനയുത്തരവ് നമ്പർ, തീയതി, പ്രവേശനത്തീയതി, സമയം എന്നിവ സർവ്വീസ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഈ ഉത്തരവിന്റെ ഒരു പകർപ്പ് സർവ്വീസ് പുസ്തകത്തിൽ ഒട്ടിച്ചുവക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഉദ്യോഗാർത്ഥികൾക്കും
2. സാമൂഹ്യനീതി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തുളസി ഹിൽസ്, പട്ടം പാലസ്, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവരപൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 14-03-2025 16:53:56